# പതിമൂന്നാം കേരളനിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ.296 29.01.2014-ൽ മറുപടിക്ക്.

### ഭവന പദ്ധതി - ഗുണഭോക്താക്കൾക്ക് രജിസ്ട്രേഷൻ ഫീസ് ഇളവ്

| ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ | മറുപടി<br>കെ.സി.ജോസഫ്<br>(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| --- | --- |
| (എ) തദ്ദേശസ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന ഭവന പദ്ധതികളുടെ ഗുണഭോക്താക്കൾ, 12 വർഷത്തേക്ക് കൈമാറ്റം ചെയ്യില്ലെന്ന് കാണിച്ച് രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങൾക്ക് രജിസ്ട്രേഷൻ ഫീസിളവ് അനുവദിക്കാത്തതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഗ്രാമവികസന വകുപ്പിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഫീസിളവ് അനുവദിച്ചു നൽകണമെന്ന ആവശ്യം രജിസ്ട്രേഷൻ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ? | (ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ നിർമ്മിക്കുന്ന ഭവന പദ്ധതികൾക്ക് മുദ്രവിലയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി നൽകുന്നതു വഴി സർക്കാരിന് റവന്യൂ നഷ്ടം ഉണ്ടാകുമെന്നതിനാലും സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി (കണക്കിലെടുത്തും) പരിഗണിച്ചും രജിസ്ട്രേഷൻ ഫീസിളവ് അനുവദിക്കുന്ന കാര്യം അംഗീകരിക്കുവാൻ നിർവ്വാഹമില്ലെന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. എന്നിരുന്നാലും ഇക്കാര്യത്തിൽ സർക്കാർ നികുതി വകുപ്പുമായി കൂടിയാലോചന നടത്തിയിട്ടുണ്ട്. കരാറുകൾക്കുള്ള മുദ്രവില ഒഴിവാക്കി നൽകിയാൽ |

സർക്കാരിനുണ്ടാകാവുന്ന വരുമാന നഷ്ടം കണക്കാക്കുന്നതിലേയ്ക്കായി എത്ര കരാറുകൾ രജിസ്റ്റർ ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഇത് സംസ്ഥാനത്തൊട്ടാകെയുള്ള പൊതു വിഷയമായി പരിഗണിക്കേണ്ടതുണ്ടോ എന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് നികുതി വകുപ്പ് അഭിപ്രായപ്പെടുകയും ആയതിൻമേൽ നടപടി സ്വീകരിച്ചുവരികയുമാണ്. ഈ സാഹചര്യത്തിൽ ഈ വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

Rasheed MS

സെക്ഷൻ ആഫീസർ